**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1846** **29-07-2021 - ൽ മറുപടിയ്ക്ക്**

**ഓഫീസ് അറ്റൻഡന്റുമാരുടെ പ്രൊമോഷൻ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ഡി കെ മുരളി | | Shri K N Balagopal<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തെ ട്രഷറികളിൽ ഓഫീസ് അറ്റൻഡന്റ് ആയി ജോലി ചെയ്യു ജീവനക്കാർ പ്രൊമോഷനിലൂടെ അക്കൗണ്ടന്റ് തസ്തികയിൽ എത്തി വിരമിക്കുമ്പോൾ വരുന്ന ഒഴിവുകളിൽ ഓഫീസ് അറ്റൻഡന്റുമാരുടെ സീനിയോറിട്ടി ലിസ്റ്റിൽ നിന്നുതന്നെ പ്രൊമോഷൻ നൽകി നിയമിക്കാൻ വ്യവസ്ഥയുണ്ടോ; വിശദമാക്കാമോ; | (എ) | വ്യവസ്ഥയുണ്ട്. തസ്തികമാറ്റ നിയമനം സംബന്ധിച്ച വ്യവസ്ഥകൾ 03/01/2014 തീയതിയിലെ സ.ഉ(പി)നം.1/14/ഉ.ഭ.പ.വ, 19/07/2014തീയതിയിലെ സ.ഉ(പി)നം.21/14/ ഉ.ഭ.പ.വ, 27/01/2017 തീയതിയിലെ സ.ക.നം റൂൾസ് 2/10/17ഉ.ഭ.പ.വ എന്നീ ഉത്തരവുകളിൽ പ്രതിപാദിച്ചിട്ടുണ്ട്. പ്രസ്തുത ഉത്തരവുകളിൽ ജൂനിയർ അക്കൗണ്ടന്റ്/എൽ.ഡി ടൈപ്പിസ്റ്റ് തസ്തികയിൽ ഉണ്ടാകുന്ന ഒഴിവുകളുടെ 10% അതാതു വകുപ്പുകളിലെ ലാസ്റ്റ് ഗ്രേഡ് ജീവനക്കാർക്കും സബോർഡിനേറ്റ് സർവ്വീസിലെ താഴ്ന്ന വിഭാഗം ജീവനക്കാർക്കും യോഗ്യതയുടെയും സീനിയോരിറ്റിയുടെയും അടിസ്ഥാനത്തിൽ തസ്തികമാറ്റം വഴി ജൂനിയർ അക്കൗണ്ടന്റ്(എൽ.ഡി.ക്ലാർക്ക്)/എൽ.ഡി ടൈപ്പിസ്റ്റ് ആയി നിയമനം നൽകേണ്ടതാണെന്നും ആയതിലേയ്ക്കായി ജൂനിയർ അക്കൗണ്ടന്റ്/എൽ.ഡി ടൈപ്പിസ്റ്റ് തസ്തികകളിൽ ഉണ്ടാകുന്ന ആദ്യ ഒഴിവ് തസ്തിക മാറ്റം വഴിയുള്ള വകുപ്പുതല നിയമനത്തിനായി മാറ്റി വയ്ക്കുകയും തുടർന്ന് ജൂനിയർ അക്കൗണ്ടന്റ്(എൽ.ഡി ക്ലാർക്ക്)/എൽ.ഡി ടൈപ്പിസ്റ്റ് കേഡർ സ്ട്രെങ്ങ്തിന്റെ 10% ഇപ്രകാരമുള്ള തസ്തികമാറ്റം നിയമനം എത്തിച്ചേരുന്നതുവരെ ഈ പ്രക്രിയ തുടരണമെന്നും വ്യവസ്ഥ ചെയ്തിരിക്കുന്നു. ഇപ്രകാരം തസ്തികമാറ്റ നിയമനം ജൂനിയർ അക്കൗണ്ടന്റ്(എൽ.ഡി ക്ലാർക്ക്)/എൽ.ഡി ടൈപ്പിസ്റ്റ് കേഡർ സ്ട്രെങ്ങ്തിന്റെ 10% ശതമാനത്തിൽ എത്തിച്ചേർന്നതിനു ശേഷം തസ്തികമാറ്റം നൽകിയ തസ്തികകളിൽ ഉണ്ടാകുന്ന ഒഴിവുകൾ തസ്തികമാറ്റ നിയമനം മുഖേന നികത്തേണ്ടതാണെന്നും 27/01/2017 തീയതിയിലെ സ.ക.നം റൂൾസ് 2/10/17ഉ.ഭ.പ.വ ഉത്തരവ് മുഖേന വ്യക്തമാക്കിയിരുന്നു. |
| (ബി) | അപ്രകാരം വ്യവസ്ഥയുണ്ടെങ്കിൽ അത് | (ബി) | പാലിക്കപ്പെടുന്നുണ്ട്. |

| | | | |
|---|---|---|---|
| | പാലിക്കപ്പെടുന്നുണ്ടോ; | | |
| (സി) | ഇല്ലായെങ്കിൽ പ്രസ്തുത വ്യവസ്ഥ പാലിക്കാൻ നടപടി സ്വീകരിക്കുമോ? | (സി) | പാലിക്കപ്പെടുന്നുണ്ട്. |

സെക്ഷൻ ഓഫീസർ